വിവിധ നദികളിൽ നിന്നും ഡാമുകളിൽ നിന്നും മണൽ വിൽപ്പനയിലൂടെ പിരിഞ്ഞുകിട്ടിയ തുക

110 (2588) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10, 2010-11 ധനകാര്യവർഷങ്ങളിൽ അധികവിഭവ സമാഹരണത്തിനായി വിവിധ നദികളിൽ നിന്നും ഡാമുകളിൽ നിന്നും മണൽവിൽപ്പനയിലൂടെ എത്ര തുകയാണ് സമാഹരിക്കാൻ ഉദ്ദേശിച്ചിരുന്നത് ;

(ബി) ഇതു സംബന്ധിച്ച പഠനത്തിനും ഖനനപ്രവൃത്തികൾക്കുമായി പ്രസ്തുത സാമ്പത്തികവർഷങ്ങളിൽ എത്ര തുകയാണ് വിനിയോഗിച്ചത് ;

(സി) മണൽ വിൽപ്പനയിലൂടെ എത്ര തുക ഈ കാലയളവിൽ സമാഹരിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിൽ ഇനി എത്ര തുക നീക്കിയിരിപ്പുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഡാമുകളുടെ ഡീസിൽറ്റിംങ്ങിലൂടെ ലഭിക്കുന്ന മണലിന്റെ വില്പനയിലൂടെ 2009-10-ൽ 100 കോടി രൂപയും 2010-11-ൽ 350 കോടി രൂപയും സമാഹരിക്കുവാൻ ഉദ്ദേശിച്ചിരുന്നു.

(ബി) കെംഡല്ലിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ മലമ്പുഴ, ചുള്ളിയാർ, വാളയാർ ഡാമുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കായി നാളിതുവരെ 6 കോടി 75 ലക്ഷം രൂപയും, തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ അരുവിക്കര ഡാമിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കായി 72.64 ലക്ഷം രൂപയും വിനിയോഗിച്ചു.

(സി) കെംഡല്ലിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ മലമ്പുഴ, ചുള്ളിയാർ, വാളയാർ ഡാമുകളിൽ നിന്നും 12 കോടി 40 ലക്ഷം രൂപയുടെ മണൽ വില്പനയും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് അരുവിക്കര ഡാമിൽ നിന്നും 13.91 ലക്ഷം രൂപയുടെ മണൽ വില്പനയും നടത്തിയിട്ടുണ്ട്. കൂടാതെ കെംഡല്ലിന്റെ സ്റ്റോക്ക്യാർഡിൽ 18 കോടി രൂപക്കുള്ള മണൽ നീക്കിയിരിപ്പുണ്ട്.

(ഡി&ഇ) മണൽ വില്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 1/4 ഭാഗത്തിനു തുല്യമായ തുക പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്കായി രൂപീകരിക്കപ്പെടുന്ന ഒരു ഹരിത ഫണ്ടിലേക്ക് മാറ്റാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഹരിത ഫണ്ടിലേക്കുള്ള വിഹിതമായി 2010-2011-ലെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനകളിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാരിന്റെ അക്കൗണ്ടിംഗ് രീതി

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് വരവിൽ നിന്ന് നേരിട്ട് ചെലവ് വഹിക്കുന്നില്ല. വരവ് തുക നിർദ്ദിഷ്ട ശീർഷകങ്ങളിൽ സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കുകയാണ് ചെയ്യുന്നത്. അതുപോലെ ചെലവ് നിർദ്ദിഷ്ട ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നുമാണ് വഹിക്കുന്നത്. അതുകൊണ്ട് മണൽ വില്പനയിലൂടെ സ്വരൂപിച്ച തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചു. അതിൽ എത്ര നീക്കിയിരിപ്പുണ്ട് തുടങ്ങിയ കാര്യങ്ങൾ കൃത്യമായി തിട്ടപ്പെടുത്താൻ നിർവ്വാഹമില്ല.

നെൽവയൽ നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവരിൽ സെസ്സ് ചുമത്താൻ നടപടി

111 (2589) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയൽ നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവരിൽ നിന്ന് സെസ് ചുമത്താൻ 2009-10, 2010-11 സാമ്പത്തിക വർഷം ഉദ്ദേശിച്ചിരുന്നോ ;

(ബി) ഇതിലൂടെ അധികവിഭവസമാഹരണമായി എത്ര തുകയാണ് പ്രതീക്ഷിച്ചിരുന്നത് ;

(സി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിലേക്ക് ഈ കാലയളവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് പിരിച്ചെടുക്കുന്നതിലേക്ക് എന്ത് തുക ചെലവ് ചെയ്തുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈയിനത്തിൽ ലഭിച്ച തുക ഏതെല്ലാം കാര്യങ്ങൾക്ക് ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതിൽ ഇനി എത്ര തുക നീക്കിയിരിപ്പുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉദ്ദേശിച്ചിരുന്നു.

(ബി) 2009-10-ൽ 25 കോടി രൂപയും 2010-11-ൽ 100 കോടി രൂപയും അധിക വിഭവ സമാഹരണമായി പ്രതീക്ഷിച്ചിരുന്നു.

(സി) 2008-ലെ 28-ാം ആക്ട്-2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്-വിജ്ഞാപനം നമ്പർ 19661/ലെഗ്.എ1/2007/നിയമം തീയതി 12-8-2008 നിലവിൽ വന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ് നികത്തിയ പാടങ്ങൾ നിശ്ചിത പിഴയടച്ച് ക്രമീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും ഇപ്രകാരം മുൻകാല പ്രാബല്യം നൽകി പിഴ ഈടാക്കുന്നത് നിയമപരമായി ശരിയല്ലെന്ന നിയമ വകുപ്പിന്റെയും മറ്റും അഭിപ്രായം കണക്കിലെടുത്ത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. പിന്നീട് റവന്യൂ (പി) വകുപ്പിന്റെ സർക്കർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ.142/10/റവന്യൂ തീയതി 22-4-2010 പ്രകാരം 1-1-2008-ന് മുൻപ് നികത്തിയ

LIBRARY ARCHIVES Kerala Legislative Assembly